Keraleeyam
Rs. 20/- 2011 October
Registered KL/CR/TCR/353/2009-11
Posted at Thrissur RMS/2 on 20&21/10/2011



ബാബ്‌ല കഥപറയുന്നു-2

# കാന്തിക ഹൃദയം

**ഗാന്ധിജിയുടെ സെക്രട്ടറിയായിരുന്ന മഹാദേവ് ദേസായിയുടെ മകൻ നാരായൺ ദേസായ് ചെറുപ്പത്തിൽ 20 വർഷം ഗാന്ധിജിയോടൊപ്പം കഴിഞ്ഞതിന്റെ അനുഭവങ്ങൾ കൂട്ടുകാർക്കായി പങ്കുവയ്ക്കുന്നു. സാധാരണക്കാരിൽ സാധാരണക്കാരനായ ഗാന്ധിയെ എന്തുകൊണ്ടാണ് എല്ലാവരും മഹാത്മാ എന്ന് വിളിക്കുന്നതെന്ന് ബാപ്പുവിന്റെ സ്വന്തം ബാബ്‌ലയായ നാരായൺ ദേസായി ഈ കഥകളിലൂടെ നമുക്ക് പറഞ്ഞുതരുന്നു.**

മഹാത്മഗാന്ധിയുടെ മറ്റൊരു സവിശേഷ ഗുണം ആളുകളെ തന്നിലേക്ക് ആകർഷിച്ചു നിർത്തുക എന്നുള്ളതായിരുന്നു. അദ്ദേഹത്തെ കാണാനായി വരുന്നവരിൽ പലരും പ്രഥമദൃഷ്ട്യാ തന്നെ അദ്ദേഹത്തിലേക്ക് അടുക്കുമായിരുന്നു. അങ്ങനെയുള്ള ചില സന്ദർഭങ്ങളാണ് ഇത്തവണ നിങ്ങളോടു പറയാൻ പോകുന്നത്.



മഹാദേവ് ദേസായി ഗാന്ധിജിയോടൊപ്പം

ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ നിന്നും വന്ന് ഒരു കൊല്ലത്തോളം രാജ്യമെങ്ങും ചുറ്റി സഞ്ചരിക്കുന്നു. പിന്നീട് സബർമതി ആശ്രമം സ്ഥാപിച്ചു. സബർമതി ആശ്രമം നിങ്ങളിലെല്ലാവരും കേട്ടിരിക്കുമല്ലോ. എന്നാൽ സബർമതി ആശ്രമം സ്ഥാപിക്കുന്നതിനും മുമ്പ് അഹമ്മദാബാദിൽ തന്നെ അദ്ദേഹം സ്ഥാപിച്ച ആശ്രമമാണ് കൊച്ച്റാബ് ആശ്രമം. കൊച്ച്റാബ് ആശ്രമത്തിൽ അദ്ദേഹത്തെ കാണാൻ പല വ്യക്തികളും വരാറുണ്ടായിരുന്നു. ഒരുനാൾ എന്റെ പിതാവ് മഹാദേവ് ദേസായിയും അദ്ദേഹത്തിന്റെ ഉത്തമ സുഹൃത്തും ഗാന്ധിജിയുടെ സെക്രട്ടറിയായി പിൽക്കാലത്ത് അറിയപ്പെടുകയും ചെയ്ത നരഹരി പരീഖും കൂടി ഗാന്ധിജിയെ സന്ദർശിക്കുന്നതായി കൊച്ച്റാബ് ആശ്രമത്തിൽ ചെന്നു. ഏതാനും സമയം അന്യോന്യം സംസാരിച്ചു. പുറത്തിറങ്ങിയ മഹാദേവ് സുഹൃത്ത് നരഹരിയോടായി ഇങ്ങനെ പറഞ്ഞു. ‘‘നരഹരി, ഇദ്ദേഹത്തെപ്പോലെ ഒരാളുടെ കൂടെ ജീവിതക്കാലം മുഴുവൻ ചെലവഴിക്കാൻ ഇച്ഛതോന്നുന്നു’’. അതിനുള്ള നരഹരിയുടെ മറുപടി ‘‘അങ്ങിനെയൊരു ഭാഗ്യം നമുക്ക് ലഭിക്കുകയാണെങ്കിൽ നാം ധന്യരായിത്തീരും’’ എന്നായിരുന്നു.

ഏതാനും ദിവസങ്ങൾക്കുള്ളിൽ മഹാദേവ് ദേസായിയെ ഗാന്ധിജി തന്റെ അടുക്കലേക്ക് വിളിപ്പിച്ചു. ഗാന്ധിജി മഹാദേവിനോടായി പറഞ്ഞു ‘‘മഹാദേവ് നിങ്ങളുടെ കാര്യപ്രാപ്തിയും വിശ്വസ്തതയും സത്യനിഷ്ഠയും എനിക്ക് ബോധിച്ചു. നിങ്ങളുടെ സേവനം എനിക്കാവശ്യമുണ്ട്.’’ അന്നുമുതൽ മഹാദേവ് ദേസായി തന്റെ അന്ത്യശ്വാസം വരെ ഗാന്ധിജിയുടെ നിഴൽപോലെ കൂടെക്കഴിഞ്ഞു. നരഹരി പരീഖും ഇതേ രീതിയിൽ ഗാന്ധിജിയുടെ കൂടെ സേവനമനുഷ്ഠിക്കുകയുണ്ടായി. ഋഷിതുല്യനായ മറ്റൊരാളോടുകൂടി ഗാന്ധിജി തന്നിലേത്ത് ആകർഷിക്കുകയുണ്ടായി. വിനോബഭാവേ. വിനോബ അന്ന് ബനാറസിലായിരുന്നു. ചെറുപ്പത്തിൽ തന്നെ ആധ്യാത്മികതയിലേക്ക് തിരിഞ്ഞിരുന്ന വിനോബയെ മഹാത്മജി സബർമതിയിലേക്ക് വിളിപ്പിച്ചു. അന്ന് ഇന്നത്തെക്കാലത്തെപ്പോലെയുള്ള തീവണ്ടിയായിരുന്നില്ല. കൽക്കരി വണ്ടിയായിരുന്നു. യാത്രികരുടെയും യാത്രയയക്കാൻ വരുന്നവരുടെയും വസ്ത്രങ്ങൾ മുഴുവൻ കരികൊണ്ടു മൂടുമായിരുന്നു. സബർമതിയിലെത്തിയ വിനോബയോട് ഒരു ആശ്രമവാസി വന്നു പറഞ്ഞു. ‘‘താങ്കൾ ബനാറസിൽ നിന്നും വന്നയാളല്ലേ. താങ്കളെ ബാപ്പുജി കാത്തിരിക്കുകയാണ്’’. എന്നാൽ കുളിക്കാതെ താൻ ആരെയും കാണാൻ ഉദ്ദേശിക്കുന്നില്ലെന്നായിരുന്നു പത്തൊമ്പതുകാരനായ വിനോബയുടെ മറുപടി. കുളികഴിഞ്ഞ് ഗാന്ധിജിയെ സന്ദർശിക്കാനെത്തിയ വിനോബയുടെ ആദ്യപ്രതികരണമിങ്ങനെയായിരുന്നു. ‘‘ഇവിടെ ഞാനൊരു അത്ഭുതം കണ്ടു, താജ്മഹൽ പോലെ, ഈഫൽ ടവർപോലെ, വലിയൊരത്ഭുതം. ഒരു ദേശത്തിന്റെ നേതാവ് തന്റെ അടുക്കളയിലിരുന്ന് കറിക്കരിയുന്നു!’’ മിഴിച്ചുനോക്കുന്ന വിനോബയോട് ഗാന്ധിജി പറഞ്ഞത് ഇങ്ങനെയായിരുന്നു. ‘‘ഇവിടെ മറ്റൊരു കത്തി കൂടിയുണ്ട്, നമുക്ക് പച്ചക്കറി അരിഞ്ഞുകൊണ്ട് സംസാരിക്കാം.’’ അതേക്കുറിച്ച് വിനോബ പറഞ്ഞത് ‘‘എന്റെ ജീവിതത്തിലെ കർമ്മകാണ്ഡം ആരംഭിച്ചത് ഇതോടെയായിരുന്നു’’ എന്നാണ്.

മഹാത്മജിയുമായി വിനോബ മണിക്കൂറുകൾ സംസാരിച്ചു. വിനോബ പറയുന്നു. ‘‘ഞാൻ നിരവധി ചരിത്രഗ്രന്ഥങ്ങൾ വായിച്ചിട്ടുണ്ട്. എന്നാൽ അതിലൊന്നും ബ്രഹ്മചര്യത്തെക്കുറിച്ചോ, സത്യനിഷ്ഠയെക്കുറിച്ചോ അപരിഗ്രഹത്തെക്കുറിച്ചോ ഒന്നും പറയുന്നില്ല. ഞാൻ നിരവധി ആധ്യാത്മിക ഗ്രന്ഥങ്ങൾ വായിച്ചിട്ടുണ്ട്, അവയിലൊന്നും സത്യാഗ്രഹത്തെക്കുറിച്ചോ അഹിംസയെക്കുറിച്ചോ ഒരു പരാമർശവും കാണാൻ കഴിഞ്ഞില്ല. ബനാറസിൽ നിന്ന് ചിലപ്പോൾ ഞാൻ കാശിയിൽ പോയി ധ്യാനനിരതനാകുന്നതിനെക്കുറിച്ച് ആലോചിക്കാറുണ്ട്. മറ്റുചിലപ്പോൾ ബംഗാളിൽ ചെന്ന് വിപ്ലവം നടത്തുന്നതിനെക്കുറിച്ചും. എന്നാൽ ഇവിടെ സബർമതിയിൽ എനിക്ക് ഇത് രണ്ടും കാണാൻ കഴിയുന്നുണ്ട്.’’ പിന്നീട് മരണം വരെ വിനോബ ഭാവെ മഹാത്മജിയുടെ ആശയങ്ങളുടെ പ്രചാരകനായി മാറി.

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by K.S. Pramod at Keraleeyam, Thrissur - 21.
Printed at Ayodhya Printers Pvt. Ltd., Kochi, for Patabhedham Printers, Thrissur -2. Editor : K.S. Pramod. Phone : 9446576943, E-mail : keraleeyamtcr@rediffmail.com